അദ്ധ്യായം 4

# സഭ – ഒരു പുതിയനിയമ മർമ്മം

ജെ. ജി. ടോൾ
വിവർത്തനം: B.V. B (09650383432)

കഴിഞ്ഞ അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് പഴയനിയമ വിശുദ്ധന്മാരും സഭയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പറഞ്ഞു വന്നപ്പോൾ റോമർ 11 ൽ പറഞ്ഞിരിക്കുന്ന ഒലിവ് മരത്തെ പരാമർശിക്കുകയുണ്ടായി.

വിവിധ കാലാന്തരങ്ങളിൽ മനുഷ്യനോടുള്ള ദൈവത്തിന്റെ യുഗപരമായ ഇടപെടലുകൾക്കിടയിൽ വളരെ സജീവമായ ബന്ധമുണ്ടെന്ന് ഈ അലങ്കാരിക പ്രയോഗം (ഒലിവ് മരം) വെളിപ്പെടുത്തുന്നു. എന്നാൽ ഇത് ഒരു രീതിയിലും പഴയനിയമ കാലയളവിൽ ക്രിസ്തീയ സഭ നിലനിന്നിരുന്നു എന്നു ചിന്തിക്കുവാൻ നമ്മെ കടമപ്പെടുത്തുന്നില്ല.

ഒലിവ് മരത്തോടുള്ള ബന്ധത്തിൽ കൊമ്പുകളിൽ ചിലത് ഒടിച്ചുകളഞ്ഞു എന്നു പറഞ്ഞിരിക്കുന്നത് (റോമർ 11:17,18) ഒലിവ് മരം ക്രിസ്തുവിന്റെ ശരീരമായ സഭയെ അല്ല കാണിക്കുന്നത് എന്ന് സുവ്യക്തമാക്കുന്ന സരളവും അതേ സമയം വളരെ പ്രാധാന്യമേറിയതുമായ വിവരണമാണ്. ഒലിവ് മരത്തിൽ അവിശ്വാസം മൂലം ഒടിച്ചു കളയപ്പെട്ട അവിശ്വാസികളും ഉൾപ്പെട്ടിരിക്കുന്നു. ഒന്നാമത് ഇവർ മസീഹായുടെ വരവിങ്കൽ അവനെ ത്യജിച്ച നിർജ്ജീവരായ ഇസ്രായേല്യരും, രണ്ടാമത് ഈ കൃപായുഗത്തിൽ ദൈവത്തിന്റെ രക്ഷയ്ക്കായ് കാംക്ഷിക്കാത്ത നിർജ്ജീവരായ ജാതികളും ആകുന്നു. ഒലിവ് മരം പ്രീതിയുടെയും വിശേഷാനുകൂല്യങ്ങളുടെയും, അവസരങ്ങളുടെയും മണ്ഡലത്തെയാണ് പ്രതിനിധീകരിക്കുന്നത്. അല്ലാതെ സഭയെപ്പോല സജീവമായ ഒരു ഏകീകരണത്തെയല്ല.

ഒലിവ് മരം കാണപ്പെടുന്ന സഭയെയാണ് പ്രതിനിധീകരിക്കുന്നതെന്ന് ആരെങ്കിലും പറഞ്ഞാൽ, ഞങ്ങൾക്കു പറയുവാനുള്ള മറുപടി തിരുവചനത്തിൽ അപ്രകാരം ഒന്നില്ല എന്നാണ്. സഭ എന്ന വാക്ക് ഒരു നാട്യമണ്ഡലമായി തിരുവചനത്തിൽ ഒരിടത്തും പരിശുദ്ധാത്മാവ് ഉപയോഗിച്ചിട്ടില്ല. തിരുവചനത്തിൽ സഭ എന്ന വാക്ക് ഒന്നുകിൽ ക്രിസ്തുവിന്റെ ശരീരത്തെ, അതായത് യഥാർത്ഥമായി “ക്രിസ്തുവിൽ” ഉള്ള സകലരുടെയും ആകെത്തുകയെ കാണിക്കുന്നു. അതല്ലെങ്കിൽ ഈ വാക്ക് ക്രിസ്ത്യാനികളുടെ ഒരു സ്ഥാനീയ സംഘത്തെ കാണിക്കുന്നു. വിശുദ്ധന്മാരുടെ സഭകൾ എന്നാണ് പൊതുവായ അർത്ഥത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നത് എങ്കിലും മാനുഷികമായ വീഴ്ചയാൽ ഇത്തരം സ്ഥലം സഭകളിൽ കള്ള നാട്യക്കാർ ഉൾപ്പെട്ടേക്കാം. എന്നാൽ സാർവ്വ ലൗകികമായി കള്ള നാട്യക്കാരുടെ മണ്ഡലത്തെ കാണിക്കുവാനായി തിരുവചനത്തിൽ ഒരിടത്തും സഭ എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല.

എഫെസ്യ ലേഖനം രണ്ടാം അദ്ധ്യായത്തിൽ ജാതികളെ “ഇസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവർ” എന്ന് പറഞ്ഞിരിക്കുന്നതിനാൽ റോമർ 11–ൽ പൗലോസ് ജാതികളെ ഇസ്രായേൽ പൗരതയോട് ചേർക്കുന്നതിനെക്കുറിച്ചാണ് പഠിപ്പിക്കുന്നതെന്നാണ് ചിലരുടെ അനുമാനം. എന്നാൽ യാതൊരു കാരണവശാലും പൗലോസ് ഇതല്ല പഠിപ്പിക്കുന്നത്. ഇസ്രായേൽ പൗരതയിൽ സമീപത്തുള്ളവർക്കും ജാതികളായി ദൂരത്തുള്ളവർക്കും ദൈവത്തോട് നിരപ്പ് പ്രാപിക്കേണ്ട ആവശ്യം ഉണ്ട് എന്ന ഏകവസ്തുതയാണ് താൻ പറയുന്നതിന്റെ കാതൽ. യഹൂദന്റെ വിശേഷാധികാരങ്ങൾക്കും, ന്യായപ്രമാണത്തിനും, പരിച്ഛേദനയ്ക്കും യാതൊരു വിലയുമില്ലാത്തതും, അവയുടെ അഭാവം യാതൊരു കുറവും വരുത്താത്തതുമായ ഒരു പുതിയ തലത്തിലേക്ക് ക്രിസ്തുവിൽ വിശ്വാസികളായവരെ

കൊണ്ടു വരിക വഴിയാണ് ഇത് സാധ്യമാക്കപ്പെടുന്നത്.

ക്രിസ്തുവിൽ, ഇസ്രായേൽ രാഷ്ട്രത്തിന്റെ ഭാഗമായിരുന്നതിനാൽ യെഹൂദന് എന്തെങ്കിലും വിശേഷ നന്മയോ, അതല്ലാത്തതിനാൽ ജാതികളിൽ നിന്നുള്ളവർക്ക് എന്തെങ്കിലും കുറവോ ഉണ്ടാകുന്നില്ല. ക്രിസ്തുവിന്റെ രക്തത്താൽ ഇരുകൂട്ടരും, പഴയ വേർതിരിവുകൾ പരിപൂർണ്ണമായും അപ്രസക്തമായ, ഒരു പുതിയ ബന്ധത്തിലേക്ക് കൂട്ടിക്കൊണ്ടുവരപ്പെടുന്നു.

യെഹൂദൻ തന്റെ ദേശീയ വിശേഷാധികാര പദവിയിൽ സമീപസ്ഥൻ ആയിരുന്നെങ്കിലും ആത്മീയമായി ജാതികളെക്കാൾ അണുവിടപോലും അധികമായി ദൈവത്തോട് അടുത്തല്ല. രണ്ടു കൂട്ടർക്കും ഒരു പോലെ ദൈവത്തോട് നിരപ്പ് പ്രാപിക്കേണ്ടതുണ്ട്, രണ്ടു കൂട്ടർക്കും ഒരുപോലെ തങ്ങളോട് സമാധാനം പ്രസംഗിക്കപ്പെടേണ്ട ആവശ്യം ഉണ്ട്. രണ്ടു കൂട്ടർക്കും ഒരേ ആത്മാവിനാൽ പിതാവിന്റെ അടുക്കലേക്ക് പ്രവേശനം ആവശ്യം ഉണ്ട്. അതുകൊണ്ട് നാം വായിക്കുന്നു, ‘‘സമാധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽ വെച്ച് ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏക ശരീരത്തിൽ ദൈവത്തോട് നിരപ്പിപ്പാനും തന്നെ’’ (എഫെ. 2:15,16).

ക്രിസ്തുവിന്റെ ക്രൂശുമരണത്തിന് ശേഷം രക്ഷിക്കപ്പെട്ട യെഹൂദനും ജാതികളും ഒന്നായിത്തീർന്ന്, ദൈവത്തോട് നിരപ്പു പ്രാപിച്ച ഈ പുതിയ സംഘത്തെ ഒരേ പുതുമനുഷ്യൻ എന്നു വിളിച്ചിരിക്കുന്നത് കുറിക്കൊള്ളേണ്ടതാണ്.

സരളമെങ്കിലും ഘനമേറിയ ഈ മൂന്നു വാക്കുകളിൽ സത്യത്തിന്റെ ഒരു വലിയ കലവറ തന്നെ ഉൾക്കൊള്ളുന്നു.

‘‘ഒരേ’’ എന്ന വാക്ക് സഭയുടെ **ഒരുമ** ഉദ്ഘോഷണം ചെയ്യുന്നു.

ക്രിസ്തുവിലും തന്റെ ശരീരമായ സഭയിലും പഴയനിയമം മുഖാന്തരം യെഹൂദനും ജാതികൾക്കും മദ്ധ്യെ ദൈവത്താൽ നിയമിതമായ ഭിന്നത പരിപൂർണ്ണമായും തുടച്ചു മാറ്റപ്പെടുന്നു. ന്യായപ്രമാണം, ഈ ഭീന്നത നിർബന്ധമായി ആവശ്യപ്പെടുന്നതുകൊണ്ട് വേർപാടിന്റെ നടുച്ചുവർ ആയിരുന്നു. എന്നാൽ ന്യായപ്രമാണത്തെ നീക്കിക്കളഞ്ഞുകൊണ്ടും ന്യായപ്രമാണ യുഗത്തിന് അന്ത്യം കുറിച്ചുകൊണ്ടും ക്രിസ്തു ഈ പുരാതന ഭിന്നത, തത്ഫലമായ സകല ശത്രുതയോടുംകൂടി, ഇല്ലായ്മ ചെയ്തു. ആദ്യം ക്രിസ്തുവിന്റെ രക്തത്തെക്കുറിച്ചും പിന്നീട് ‘‘തന്റെ ജഡ’’ത്തെക്കുറിച്ചും പരാമർശിച്ചിരിക്കുന്നത് സമാധാന യാഗത്തെക്കുറിച്ചുള്ള പഴയനിയമ പഠിപ്പിക്കലുകൾക്ക് അനുസൃതമാണെന്ന് ഇവിടെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. സമാധാനത്തിനും, സംസർഗ്ഗത്തിനും ഊന്നൽ നൽകി കൊണ്ട് ക്രിസ്തുവിന്റെ മരണത്തിന്റെ സമാധാനയാഗ മുഖമാണ് ഈ വേദഭാഗത്തെ (എഫെ. 2) പ്രധാന വിഷയം.

‘‘പുതു’’ എന്ന വാക്ക് സഭയുടെ **പുതുമ** ഉദ്ഘോഷണം ചെയ്യുന്നു.

സൃഷ്ടിപ്പാൻ എന്ന ശരിയായ പ്രയോഗം ശ്രദ്ധിക്കേണ്ടതാണ്. ഉണ്ടാക്കപ്പെട്ടത് പുതിയ ഒന്നാണെന്ന വസ്തുതയ്ക്ക് ഇത് ഊന്നൽ നൽകുന്നു. ഇതേ ക്രിയാശബ്ദം 10–ാം വാക്യത്തിൽ പുതിയ സൃഷ്ടിയോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നു. അവിടെ ക്രിസ്തുവിൽ ദൈവത്താൽ നിർവ്വഹിക്കപ്പെട്ട പുതിയ സൃഷ്ടി എന്ന് വ്യക്തിയോടുള്ള ബന്ധത്തിലാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ, എഫെ. 2:15–ൽ ഇത് കൂട്ടത്തോടുള്ള ബന്ധത്തിലാണ് പറഞ്ഞിരിക്കുന്നത്. തന്നെയുമല്ല, ക്രിസ്തുവിനാൽ ‘‘തന്നിൽ’’ത്തന്നെയാണ് ഇത് നിർവ്വഹിച്ചിരിക്കുന്നത്.

ഭൗതികലോകം ‘‘അവനിൽ’’ (ക്രിസ്തുവിൽ) ആണ് സൃഷ്ടിക്കപ്പെട്ടത്. ‘‘അവനിൽ’’ സകലവും നിലനിൽക്കുന്നു. (കൊലൊ. 1:16,17) ഇംഗ്ലീഷ് തർജ്ജിമ നോക്കിയാലും). പഴയ സൃഷ്ടിക്ക് ക്രിസ്തു എന്തായിരിക്കുന്നുവോ അത് താൻ പുതിയ സൃഷ്ടിക്കും ആകുന്നു.

സത്യത്തിന്റെ ഇതേ രണ്ടു വശങ്ങൾ ‘‘പുതുമനുഷ്യനിലും’’ കാണുവാൻ സാധിക്കും. എഫെ. 2:15, 4:24 മായി താരതമ്യം ചെയ്യുക. ആദ്യത്തേത് കൂട്ടത്തോടുള്ള ബന്ധത്തിലും രണ്ടാമത്തേത് വ്യക്തികളോടുള്ള ബന്ധത്തിലുമാണ് പറഞ്ഞിരിക്കുന്നത്. ആദ്യത്തേതിൽ നാം ക്രിസ്തുവിൽ എന്ന സത്യം കൂട്ടത്തോടുള്ള ബന്ധത്തിലും അവസാനത്തേതിൽ ‘‘ക്രിസ്തു നമ്മിൽ’’ എന്ന സത്യം വ്യക്തികളോടുള്ള ബന്ധത്തിലും പ്രകടമാക്കുന്നു.

ഇത് ഒരു യെഹൂദനും ഒരു കാലത്തും അറിഞ്ഞിട്ടില്ലാത്ത ഒരു ‘‘പുതിയ’’ സ്ഥിതിയാണ്. ഗ്രീക്കിൽ ‘‘പുതിയതരം’’, ‘‘വേറിട്ട’’ എന്നീ അർത്ഥം വരുന്ന ‘‘കായിനോസ്’’ എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്തുവിനോടുകൂടി ജീവിപ്പിക്കപ്പെട്ട്, ഉയർത്തപ്പെട്ട്, അവനോടു കൂടെ സ്വർഗ്ഗത്തിൽ ഇരുത്തപ്പെട്ടു എന്നതാണ് വിശ്വാസിയുടെ വർത്തമാന സ്ഥിതി. ഇതിന്റെ എല്ലാം അടിസ്ഥാനം ക്രിസ്തുവിന്റെ മരണമാണ്. ക്രിസ്തുവിന്റെ മരണം, പുനരുത്ഥാനം, ഉൽപ്രാപണം എന്നിവ സംഭവിക്കാഞ്ഞിടത്തോളം യഹൂദനോ ജാതികൾക്കോ ഈ സ്ഥിതിയിലെത്തുക സാധ്യമായിരുന്നില്ല.

1 കൊരിന്ത്യർ 12:13 ൽ നിന്നും ‘‘ഏകശരീര’’ത്തിലേക്കുള്ള പ്രവേശനം ‘‘ഒരേ ആത്മാവിലുള്ള സ്നാന’’ത്താലാണെന്ന് നാം മനസ്സിലാക്കുന്നു. ആകയാൽ പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാവ് ഇറങ്ങി വരുന്നതുവരെ സഭ രൂപപ്പെട്ടിരുന്നില്ല, അഥവാ രൂപപ്പെടുക സാധ്യമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ അന്നേ ദിവസത്തിനു മുമ്പ് പരിശുദ്ധാത്മ സ്നാനാനുഭവം ഉണ്ടായിട്ടില്ല. അപ്പൊ. 1:5, എഫെ.2:18 ലെ ‘‘ഏകാത്മാവിൽ’’ എന്ന പ്രയോഗവുമായി താരതമ്യം ചെയ്താലും.

ഈ പുതിയ സംഘത്തെ, ‘‘ഒരേ പുതു മനുഷ്യനെ’’, ‘‘ഏക ശരീരത്തെ’’ എഫെ. 1:22, 23 ൽ ‘‘അവന്റെ ശരീരമായ സഭ’’ എന്ന് വിവരിച്ചിരിക്കുന്നു. അതായത് ക്രിസ്തുവിന്റെ മരണം, പുനരുത്ഥാനം, ഉൽപ്രാപണം എന്നിവയാലും പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാവിന്റെ ഇറങ്ങി വരവിനാലും മാത്രം അസ്ഥിത്വം ലഭിച്ചത് എന്ന അർത്ഥത്തിലാണ് സഭ ‘‘പുതു’’തായിരിക്കുന്നത്.

‘‘മനുഷ്യൻ’’ എന്ന വാക്ക് സഭയുടെ **ഏകത**യെ ഊന്നിപ്പറയുന്നു.

ഒരു മനുഷ്യൻ ഒരു ഒറ്റയായ അസ്ഥിത്വമാണ്. ഒരു വ്യക്തിഗതമായ അസ്ഥിത്വമാണ്. എന്തിന്റെയെങ്കിലും ഒരു അംഗമോ അംശമോ അല്ല പകരം ഒരു പൂർണ്ണതയാണ്. അപ്രകാരം തന്നെ സഭ എന്നത് നിലനിന്നുപോരുന്ന ഏതെങ്കിലും സമൂഹത്തിന്റെ പുതിയ രൂപമോ, വലിയൊരു സംഘത്തിന്റെ ഒരംശം മാത്രമോ അല്ല, പകരം ദൈവത്തിന്റെ കഴിഞ്ഞ കാല ക്രിയകളിൽ നിന്ന് വ്യത്യസ്തമായി അതിൽത്തന്നെ പൂർണ്ണതയുള്ള ഒരു പുതിയ ദൈവിക പ്രവർത്തിയാണ്. ഇത് മറ്റുള്ളതിൽ നിന്നെല്ലാം വേറിട്ടതും, വ്യത്യസ്തവും സ്വഭാവത്തിൽ സമാനങ്ങളില്ലാത്തതുമായ ഒരു കൂട്ടമാണ്. സഭ ഒരു പുതിയ മനുഷ്യനാണ് അല്ലാതെ കേവലം ഒരു പഴയ ശരീരത്തിന്റെ പുതിയ അംഗമോ, നിലവിലിരുന്ന കെട്ടിടത്തോട് കൂട്ടിച്ചേർത്ത ഒരു പുതിയ നിലയോ അല്ല. യഹൂദന്മാരായ പണിക്കാർ ദൈവത്തിന്റെ തിരഞ്ഞെടുത്ത കല്ലിനെ തള്ളിക്കളഞ്ഞപ്പോൾ ദൈവം അതിനെ അടിസ്ഥാനമായിട്ട് പരിപൂർണ്ണമായും പുതുതായ ഒരു കെട്ടിടം പണിയുവാൻ ആരംഭിച്ചു.

‘‘അപ്പോസ്തലന്മാരും പ്രവാചകന്മാരും’’ എന്നതിലെ ‘‘പ്രവാചകന്മാർ’’ എന്നു പറഞ്ഞിരിക്കുന്നത് പഴയ നിയമ പ്രവാചകന്മാരെക്കുറിച്ചാണെന്ന് ചിന്തിക്കുക

അസാദ്ധ്യമാണ്. എഫെസ്യ ലേഖനത്തിൽ പ്രവാചകന്മാർ എന്ന വാക്ക് എപ്പോഴും അപ്പോസ്തലന്മാരോട് കൂടെയാണ് പറഞ്ഞിരിക്കുന്നത്. തന്നെയുമല്ല എപ്പോഴും അപ്പോസ്തലന്മാർക്ക് ശേഷമാണ് അവരെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. (2:20, 3:5, 4:11) 4ന്റെ 11 ൽ ക്രൂശിലെ തന്റെ വിജയത്തിൽ ലഭിച്ച കൊള്ളയായ് ഉൽപ്രാപണം ചെയ്ത ക്രിസ്തു, സഭയ്ക്ക് നൽകിയ ദാനമാണെന്നാണ് പ്രവാചകന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നത്.

എഫെസ്യർ 3–ലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. സഭാസത്യങ്ങളുടെ വെളിപ്പെടുത്തലുകളെ അവിടെ ഒരു മർമ്മമെന്നാണ് പറഞ്ഞിരിക്കുന്നത്. "ആ മർമ്മം **ഇപ്പോൾ** അവന്റെ വിശുദ്ധ അപ്പോസ്തലന്മാർക്കും പ്രവാചകന്മാർക്കും. ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് അറിവായ് വന്നിരുന്നില്ല" (3:3–5).

സഭ ഒരു മർമ്മമാണ്, മുൻകാലങ്ങളിൽ നൽകപ്പെട്ടിട്ടില്ലാത്ത ഒരു ദൈവിക വെളിപ്പാട്. ഇത് നിത്യതയിൽ നിശ്ചയിച്ചതും, മുൻകാലങ്ങളിൽ പൂർണ്ണമായി രഹസ്യമായി വച്ചതും ഇപ്പോൾ മനുഷ്യർക്ക് പ്രകടമാക്കപ്പെട്ടതുമാണ്. ക്രിസ്തുവിന്റെ രക്ഷയുടെ വേല പൂർത്തിയാവാഞ്ഞിടത്തോളവും പരിശുദ്ധാത്മാവ് നൽകപ്പെടാഞ്ഞിടത്തോളവും ഇതിന്റെ അസ്തിത്വം അസാദ്ധ്യമായിരുന്നതും, പൂർവ്വയുഗങ്ങളിൽ മറച്ചു വയ്ക്കപ്പെട്ടതും, ഇപ്പോൾ അപ്പോസ്തലന്മാരിലും പ്രവാചകന്മാരിലും കൂടെ മാത്രം പരിശുദ്ധാത്മാവാം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതും ആണ്.

കർത്താവായ യേശുക്രിസ്തു സഭാസ്ഥാപനത്തെക്കുറിച്ച് ആദ്യമായി പരസ്യപ്രഖ്യാപനം നടത്തിയപ്പോൾ പറഞ്ഞ വാക്കുകൾ എത്രയോ അർത്ഥവത്തായ വസ്തുതകളാണ്. നാം വായിക്കുന്നു, "അന്നു മുതൽ യേശു താൻ യെരുശലേമിൽ ചെന്നിട്ട് മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ചു കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും വേണ്ടത് എന്ന് ശിഷ്യന്മാരോട് പ്രസ്താവിച്ചുതുടങ്ങി." (മത്താ. 16:15–21).

കർത്താവ് സംസാരിക്കുന്ന അവസരത്തിൽ സഭയെക്കുറിച്ച് ഭാവികാലത്തിലാണ് പറഞ്ഞിരിക്കുന്നത് എന്ന് ശ്രദ്ധിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. ഈ പാറമേൽ ഞാൻ സഭ പണിതുകൊണ്ടിരിക്കുകയാണെന്നോ അല്ലെങ്കിൽ ഈ പാറമേൽ ഞാൻ സഭ പണിയുകയാണെന്നോ അല്ല താൻ പറഞ്ഞത്. ഞാൻ എന്റെ സഭയെ പണിയും എന്നാണ് കർത്താവ് പറഞ്ഞത്. ചില വർഷങ്ങൾക്കുശേഷം അപ്പോസ്തലന്മാർ സഭയെ ഒരു കെട്ടിടമായി ഉപമിക്കുമ്പോൾ വ്യത്യസ്തമായാണ് സംസാരിക്കുന്നത്. പൗലോസ് പറയുന്നു, നിങ്ങളെ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. ....... അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിത് വരുന്നു" (എഫെ. 2:20–22). അപ്പോൾ തന്നെ പത്രൊസ് ഇപ്രകാരം പറയുന്നു, "നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിന് പ്രസാദമുള്ള ആത്മിക യാഗം കഴിപ്പാന്തക്ക വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിന് പണിയപ്പെടുന്നു". (1 പത്രൊ. 2:5). കർത്താവിന്റെയും അപ്പോസ്തലന്മാരുടെയും വാക്കുകൾ തമ്മിലുള്ള വ്യത്യാസത്തിനു കാരണം കർത്താവ് പറയുമ്പോൾ സഭായുഗം ആരംഭിച്ചിട്ടില്ലായിരുന്നു എന്നാൽ അപ്പോസ്തലന്മാർ എഴുതുന്ന കാലമായപ്പോഴേക്കും സഭായുഗം പുരോഗമിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്നതാണ്.

ഈ വിഷയത്തോടുള്ള ബന്ധത്തിൽ അവസാനമായി ഒരു കാര്യം പറയുവാനുള്ളത് പല വേദപുസ്തകങ്ങളിലും അദ്ധ്യായങ്ങൾക്കു മേൽ കൊടുത്തിരിക്കുന്ന തലക്കെട്ടുകൾ ആധികാരികമല്ല, തന്നെയുമല്ല പലപ്പോഴും ഉപകാരപ്രദവുമല്ല എന്നതാണ്. ഇസ്രായേലിന്

വാഗ്ദാനം ചെയ്തിരിക്കുന്ന നന്മകളെ വിവരിക്കുന്ന പഴയനിയമ അദ്ധ്യായങ്ങളുടെ മേൽ സഭയുടെ മേൽ ദൈവത്തിന്റെ അനുഗ്രഹങ്ങൾ എന്ന് എഴുതുന്നത് വഴിതെറ്റിക്കുന്നതും തെറ്റിദ്ധാരണ ഉളവാക്കുന്നതുമാണ്.

ഈ വിഷയം മൗലികമായി പ്രാധാന്യമുള്ളതാണെന്ന സൂചന ഞങ്ങൾ നൽകുന്നില്ല. അപ്പോൾ തന്നെ സഭയെയും ഇസ്രായേലിനെയും നാം വ്യക്തമായി വേർതിരിക്കുന്നില്ല എങ്കിൽ ഭൗമികവും സ്വർഗ്ഗീയവുമായവയെ കൂട്ടിക്കുഴച്ച് ചിന്താക്കുഴപ്പം ഉള്ളവരെന്ന അപകടത്തിൽപ്പെടും. അനുസരണത്തിന് പ്രതിഫലമായി നാം ഇന്ന് ഭൗമിക നന്മകളെ കാംക്ഷിക്കുന്നവരും താൽക്കാലിക കഷ്ടതകളെ ദൈവിക അനിഷ്ടമായി കണക്കാക്കുന്നവരും ആയിത്തീരും. വലിയ അലങ്കരിച്ച ഭൗമിക ദൈവാലയങ്ങൾ പണിയുവാനും നമ്മുടെ യുദ്ധത്തിൽ ജഡിക ആയുധങ്ങൾ ഉപയോഗിക്കുവാനും നമ്മുടെ ദൈവിക ആരാധനയിൽ യഹൂദമതക്രമങ്ങളും ആചാരങ്ങളും അവതരിപ്പിക്കുവാനും ഒരു ഭൗമിക ഭാവിയ്ക്കായ് പ്രത്യാശിക്കുന്നവർ ആയിത്തീരുവാനും നാം പരീക്ഷിക്കപ്പെടാം. ആകയാൽ സഭയെയും ഇസ്രായേലിനെയും വേർതിരിച്ചറിഞ്ഞേ മതിയാവൂ.

സഭ ഒരു സ്വർഗ്ഗീയ ജനമാണ്. സ്വർഗ്ഗീയ വിളിയാൽ വിളിക്കപ്പെട്ടതാണ്. സ്വർഗ്ഗീയ സ്വഭാവമുള്ളതാണ്. സ്വർഗ്ഗീയ അവകാശത്തിനായി നിയമിക്കപ്പെട്ടിട്ടുള്ളതാണ്.

രക്ഷയുടെ അടിസ്ഥാന അനുഗ്രഹങ്ങൾ എല്ലാ യുഗത്തിലുമുള്ള വിശുദ്ധന്മാർക്ക് പൊതുവെയുള്ളതാണെങ്കിലും (റോമ. 4 നോക്കുക) ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്ക് ഇവ കൂടാതെ പ്രത്യേകമായതും സമാനങ്ങളില്ലാത്തതുമായ ഒരു സവിശേഷ അനുഗ്രഹം ലഭിച്ചിട്ടുണ്ട്.

---

*സഹസ്രാബ്ദവാഴ്ച ഇല്ല എന്നും, സഭ ഇപ്പോൾ ഭൂമിയിലും സ്വർഗ്ഗത്തിലും വാഴുകയാണെന്നും, ദൈവരാജ്യം അഥവാ സ്വർഗ്ഗരാജ്യം സഭയാണെന്നും, വരുവാനിരിക്കുന്ന പ്രഭു എന്ന് ദാനിയേൽ 9:26 ൽ പറഞ്ഞിരിക്കുന്നത് അന്തിക്രിസ്തു അല്ല യേശുക്രിസ്തുവാണെന്നും മറ്റും ദൈവവചന വ്യാഖ്യാനത്തിന്റെ സകല നിയമാവലികളും തെറ്റിച്ച് പഠിപ്പിക്കുന്ന അമില്ലേനിയലിസ്റ്റുകൾ ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് അവരുടെ തന്നെ മനസ്സാക്ഷിയോട് മറുപടി പറയുവാൻ ബാധ്യസ്ഥരാണ്.*

*(വിവർത്തകൻ)*